LIBRARY ARCHIVES Kerala Legislative Assembly

തുമ്പൂർമുഴിയുടെ സമഗ്ര വികസനം

124(418) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ തുമ്പൂർമുഴി റിവർ ഗാർഡന്റെ സമഗ്ര വികസനത്തിനാവശ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ അറിയിക്കുമോ; എന്തൊക്കെ വികസനമാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) മാസ്റ്റർ പ്ലാൻ അംഗീകരിച്ച് തുമ്പൂർമുഴിയുടെ സമഗ്രവികസനത്തിന് എന്ന് തുടക്കം കുറിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ-സി) തുമ്പൂർമുഴിയുടെ ടൂറിസം വികസനത്തിന് പദ്ധതി ആവിഷ്ക്കരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

മഞ്ചേശ്വരം മണ്ഡലത്തിലെ പൊസടിഗുംബെയിൽ ഇക്കോടൂറിസം പദ്ധതി

125(417) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽപ്പെട്ട പൊസടിഗുംബെയിൽ ഇക്കോടൂറിസം തുടങ്ങണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പ്രദേശത്ത് ഒരേക്കറിൽ താഴെ മാത്രമേ സർക്കാർ ഭൂമിയുള്ളൂ. അഡ്വഞ്ചർ ആക്ടിവിറ്റീസ് പോലുള്ള ഇക്കോ ടൂറിസം പദ്ധതി തുടങ്ങാനായി ഉദ്ദേശം 10 ഏക്കർ സ്ഥലമെങ്കിലും ആവശ്യമാണ്. സർക്കാർ സ്ഥലത്തിനു പുറമെ, സ്വകാര്യസ്ഥലം അക്വയർ ചെയ്ത് സ്വകാര്യ നിക്ഷേപകരെ കൂടി കണ്ടെത്തി ഈ പദ്ധതി നടപ്പിലാക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

കൾച്ചറൽ ടൂറിസം പദ്ധതി

126(418) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര വകുപ്പിന്റെ ഏതെല്ലാം പദ്ധതികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;